**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4881** **02-07-2024 - ൽ മറുപടിയ്ക്ക്**

**ഭൂരഹിത ഭവന രഹിതരായ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാർ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ വി കെ പ്രശാന്ത്** | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** |
| (എ) ഭൂരഹിത-ഭവന രഹിതരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമായി സർക്കാർ നൽകുന്ന ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഭൂരഹിത ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വാസയോഗ്യവും കൃഷിയോഗ്യവുമായ ഭൂമി കണ്ടെത്തി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ 349 പേർക്കായി 60.72 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇപ്രകാരം ഭൂമി ലഭിക്കുന്നവർക്ക് വീട് നിർമ്മാണത്തിനുള്ള ധനസഹായവും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നൽകുന്നു.<br><br>ഭൂമിയില്ലാത്ത പട്ടിക ജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനം നിർമ്മിക്കുന്നതിനായി വകുപ്പ് ഭൂരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. ലൈഫ് മിഷന്റെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടവരെയാണ് നിലവിലെ സർക്കാർ മാനദണ്ഡ പ്രകാരം ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ അർഹതാമാനദണ്ഡം പരിശോധിച്ചും അനുബന്ധ രേഖകൾ പരിശോധിച്ചും ഗ്രാമപഞ്ചായത്തിൽ കുറഞ്ഞത് 5 സെന്റ് ഭൂമി വാങ്ങുന്നതിനായി 3.75 ലക്ഷം രൂപയും, മുൻസിപ്പാലിറ്റിയിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനായി 4.50 ലക്ഷം രൂപയും, കോർപ്പറേഷനിൽ കുറഞ്ഞത് 3 സെന്റ് ഭൂമി വാങ്ങുന്നതിനായി 6.00 ലക്ഷം രൂപയും ധനസഹായ തുകയായി അനുവദിക്കുന്നു.<br><br>സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ ഭവന നിർമ്മാണം നിലവിൽ ലൈഫ് മിഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്. പട്ടികജാതി വിഭാഗക്കാർക്ക് ലൈഫ് മിഷൻ മുഖേന ഭവന നിർമ്മാണ ധനസഹായമായി നൽകുന്ന 4 ലക്ഷം രൂപയിൽ 1 ലക്ഷം രൂപ വകുപ്പിന്റെ വിഹിതമായി നൽകിവരുന്നു. |
| (ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ ഏര്യകളിൽ സർക്കാർ ധനസഹായത്തോടെ വസ്തു വാങ്ങിയവരുടെ എണ്ണം വർഷം, ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ ഏര്യകളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ആർക്കും വസ്തു വാങ്ങി നൽകിയിട്ടില്ല.<br><br>പട്ടികജാതി വികസന വകുപ്പ മുഖേന സംസ്ഥാനത്തെ പട്ടികജാതി കുടുബങ്ങൾക്ക് മുൻസിപ്പൽ/ കോർപ്പറേഷൻ ഏര്യകളിൽ ഭൂമി ലഭ്യമാക്കിയ എണ്ണം ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |
| (സി) നഗര മേഖലകളിൽ വസ്തുവിന്റെ വിലക്കൂടുതലും ലഭ്യതക്കുറവും പരിഗണിച്ച് സർക്കാർ നേരിട്ട് വസ്തു വാങ്ങി നൽകുന്നത് പരിഗണിക്കാമോ? | (സി) നിലവിൽ പരിഗണനയിലില്ല. |

| | 2021-22 | | 2022-23 | | 2023-24 | |
|---|---|---|---|---|---|---|
| ജില്ല | മുൻസിപ്പാലിറ്റി | കോർപ്പറേഷൻ | മുൻസിപ്പാലിറ്റി | കോർപ്പറേഷൻ | മുൻസിപ്പാലിറ്റി | കോർപ്പറേഷൻ |
| തിരുവനന്തപുരം | 94 | 83 | 55 | 50 | 51 | 49 |
| കൊല്ലം | 60 | 52 | 36 | 32 | 49 | 21 |
| പത്തനംതിട്ട | 32 | 0 | 25 | 0 | 31 | 0 |
| ആലപ്പുഴ | 35 | 0 | 34 | 0 | 22 | 0 |
| കോട്ടയം | 28 | 0 | 21 | 0 | 19 | 0 |
| ഇടുക്കി | 2 | 0 | 13 | 0 | 7 | 0 |
| എറണാകുളം | 21 | 10 | 16 | 7 | 36 | 0 |
| തൃശ്ശൂർ | 56 | 26 | 74 | 24 | 73 | 23 |
| പാലക്കാട് | 74 | 0 | 73 | 0 | 27 | 0 |
| മലപ്പുറം | 17 | 0 | 43 | 0 | 43 | 0 |
| കോഴിക്കോട് | 26 | 41 | 17 | 13 | 21 | 34 |
| വയനാട് | 16 | 0 | 9 | 0 | 5 | 0 |
| കണ്ണൂർ | 27 | 24 | 12 | 20 | 17 | 18 |
| കാസർഗോഡ് | 29 | 0 | 14 | 0 | 12 | 0 |
| ആകെ | 517 | 236 | 442 | 146 | 413 | 145 |

സെക്ഷൻ ഓഫീസർ